# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 05.10.2024** **പ്രധാന വാർത്തകൾ** **TIME : 12.50 PM**

1. കാർഷിക, മൃഗസംരക്ഷണ മേഖലകളുടെ ഉത്തേജനം ലക്ഷ്യമിട്ട് 23,300 കോടി രൂപയുടെ സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി മഹാരാഷ്ട്രയിൽ തുടക്കം കുറിച്ചു.

   **Prime Minister Narendra Modi launches a series of initiatives worth around Rs 23,300 crore aimed at boosting the agricultural and animal husbandry sectors in Maharashtra.**

2. ഹരിയാനയിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് പുരോഗമിക്കുന്നു; 11 മണി വരെ 22.7 ശതമാനം പോളിങ്.

   **Polling for assembly elections in Haryana in progress; 22.7 percent polling till 11 am.**

3. കേരളത്തെ ലോകവൈജ്ഞാനിക ശൃംഖലയുടെ ഭാഗമാക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan says, the goal of the state government is to make Kerala a part of the global knowledge network.**

4. ഭീകരതയ്ക്കെതിരെ അന്താരാഷ്ട്ര ഉടമ്പടി കൊണ്ടുവരണമെന്ന ആവശ്യം ഐക്യരാഷ്ട്രസഭയിൽ ശക്തമാക്കി ഇന്ത്യ.

   **India renews its call for adoption of an international treaty against terrorism.**

5. വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ - ശ്രീലങ്കയെയും ഇംഗ്ലണ്ട് -ബംഗ്ലാദേശിനെയും നേരിടും.

   **In Women's T20 World Cup, Australia to take on Sri Lanka and England to face Bangladesh.**

&&&&&&&&&&&&&&&&

## HEADLINE – 1
## PM - MAHARASHTRA

വികസിത ഭാരതമെന്ന ലക്ഷ്യം സാധ്യമാക്കുന്നതിൽ രാജ്യത്തെ ജനങ്ങളുടെ പിന്തുണ അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പി.എം കിസാൻ സമ്മാൻ നിധിയുടെ 18-ാം ഗഡു വിതരണോദ്ഘാടനം ഉൾപ്പെടെ വിവിധ വികസന പദ്ധതികൾക്ക് മഹാരാഷ്ട്രയിൽ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. കാർഷിക-മൃഗസംരക്ഷണ മേഖലകളുമായി ബന്ധപ്പെട്ട 23,300 കോടി രൂപയുടെ വിവിധ സംരംഭങ്ങളും പ്രധാനമന്ത്രി വാഷിമിൽ അല്പസമയം മുൻപ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ, മഹാരാഷ്ട്ര മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ബഞ്ജാര സമുദായത്തിന്റെ സമ്പന്നമായ പൈതൃകം ഉൾക്കൊള്ളുന്ന ബഞ്ജാര പൈതൃക മ്യൂസിയത്തിന്റെ ഉദ്ഘാടനവും ശ്രീ മോദി നിർവഹിച്ചു. താനെയിലെ പ്രധാന മെട്രോ, റോഡ് പദ്ധതികൾ ഉൾപ്പടെ 32,800 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി ഇന്ന് നിർവഹിക്കും.

&&&&&&&&&&&&&&&&&

## HEADLINE – 2
## HARYANA-ASSEMBLY POLLS

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണി വരെയുള്ള കണക്ക് പ്രകാരം 22.7 ശതമാനം പോളിംഗ് രേഖപ്പെടുത്തി. 90 അംഗ നിയമസഭയിലേക്ക് ഒറ്റ ഘട്ടമായാണ് വോട്ടെടുപ്പ് നടക്കുന്നത്. വൈകിട്ട് ആറു മണിവരെയാണ് പോളിങ്. ബൂത്തുകളിൽ ശക്തമായ സുരക്ഷാ മുൻകരുതലുകളും

വെബ് കാസ്റ്റിങ് ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ജമ്മുകശ്മീരിനൊപ്പം ഈ മാസം 8 ന് ഹരിയാനയിലും വോട്ടെണ്ണൽ നടക്കും.

&&&&&&&&&&&&&&&&

## PM-VOTE APPEAL

ജനാധിപത്യത്തിൻറെ ഉത്സവമായ വോട്ടെടുപ്പിൽ തങ്ങളുടെ സമ്മതിദാനാവകാശം കൃത്യമായി വിനിയോഗിക്കാൻ ഹരിയാനയിലെ ജനങ്ങളോട് പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു. ആദ്യമായി വോട്ടവകാശം വിനിയോഗിക്കുന്ന ഹരിയാനയിലെ എല്ലാ യുവ വോട്ടർമാർക്കും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിലൂടെ ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&

## EAM JAISANKAR - PAKISTAN

ഇസ്ലാമബാദിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പങ്കെടുക്കും. ഈ മാസം 15-16 തീയതികളിലാണ് ഉച്ചകോടി. അതേസമയം, വിദേശകാര്യമന്ത്രിയുടെ പാകിസ്ഥാൻ സന്ദർശന വേളയിലെ ഉഭയകക്ഷി കൂടിക്കാഴ്ചകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ലെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&

## CLASSICAL LANGUAGES - INTRO

രാജ്യത്തെ അഞ്ച് ഭാഷകൾക്ക് കൂടി ശ്രേഷ്ഠ ഭാഷാ പദവി നൽകാനുള്ള കേന്ദ്ര മന്ത്രിസഭ തീരുമാനത്തെ അഭിനന്ദിച്ച് അക്കാദമിക് വിദഗ്ധരും ഗവേഷകരും. അസമീസ്,

ബംഗാളി, മറാത്തി, പാലി, പ്രാകൃത് എന്നീ ഭാഷകളെയാണ് ശ്രേഷ്ഠ ഭാഷകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്. വലിയ സാംസ്കാരിക പൈതൃകം അവകാശപ്പെടാനുള്ള ഈ ഭാഷകളുടെ പ്രചാരം വർധിപ്പിക്കുന്നതിന് തീരുമാനം സഹായകമാകുമെന്ന് കൽക്കട്ട സർവകലാശാലയിലെ ബുദ്ധിസ്റ്റ് സ്റ്റഡീസ് വിഭാഗം പ്രൊഫസർ ഡോ. ഉജ്ജ്വൽ കുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&

## CHHATTISGARH-MAOISTS

ഛത്തീസ്ഗഢിലെ അബുജ്മദ് മേഖലയിൽ നിന്ന് മൂന്ന് മാവോയിസ്റ്റുകളുടെ മൃതദേഹങ്ങൾ കൂടി പോലീസ് കണ്ടെടുത്തു. ഇതോടെ പ്രദേശത്ത് സുരക്ഷാസേനയുമായി ഉണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട മാവോയിസ്റ്റുകളുടെ എണ്ണം 30 കടന്നു. നാരായൺപൂർ, ദന്തേവാഡ ജില്ലകളുടെ അതിർത്തിയിലുള്ള നെൻഡൂർ-തുൾത്തുളി വനപ്രദേശത്ത് സുരക്ഷാ സേന തിരച്ചിൽ നടത്തുന്നതിനിടെ ഇന്നലെയാണ് ഏറ്റുമുട്ടലുണ്ടായത്. സംഭവസ്ഥലത്തുനിന്ന് നിരവധി ആയുധങ്ങളും കണ്ടെടുത്തു. ഏറ്റുമുട്ടലിനെത്തുടർന്ന് സിആർപിഎഫിന്റെയും ജില്ലാ റിസർവ് ഗാർഡിന്റെയും കൂടുതൽ സംഘത്തെ പ്രദേശത്ത് വിന്യസിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## KUPWARA TERRORISTS

ജമ്മു കശ്മീരിലെ കുപ്‌വാര ജില്ലയിൽ നിയന്ത്രണ രേഖയിലുണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷാസേന രണ്ട് ഭീകരരെ വധിച്ചു. നുഴഞ്ഞുകയറ്റ ശ്രമങ്ങൾക്കിടെയാണ് ഭീകരരെ വധിച്ചത്. സംഭവത്തെ തുടർന്ന് പ്രദേശത്ത്

സുരക്ഷ ശക്തമാക്കി. ഇന്നലെ, കുപ്‌വാരയിലെ നിയന്ത്രണരേഖയിൽ പട്രോളിംഗ് ഡ്യൂട്ടിയിലിരിക്കെ കുഴിബോംബ് സ്ഫോടനത്തിൽ രണ്ട് സൈനികർക്ക് പരിക്കേറ്റിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 3

## CM - KERALA

കേരളത്തിൽ ഉയർന്ന വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കാനും കുട്ടികളുടെ ഭാവി മികച്ചതാക്കാനും ആവശ്യമായ പരിഷ്കരണങ്ങൾ നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധരാണെന്നും അതിനായി സഹകരിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തെ ലോകവൈജ്ഞാനിക ശൃംഖലയുടെ ഭാഗമാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിൽ വിവിധ ജില്ലകളിലായി പുതുതായി നിർമ്മിച്ച 30 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 12 പുതിയ കെട്ടിടങ്ങളുടെ നിർമ്മാണോദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

&&&&&&&&&&&&&&&&

## REV.FOREX RESERVES

ചൈന, ജപ്പാൻ, സ്വിറ്റ്സർലൻഡ് എന്നിവയ്ക്കൊപ്പം 700 ബില്യൺ യുഎസ് ഡോളർ വിദേശ കരുതൽ ശേഖരം കവിയുന്ന, ലോകത്തിലെ നാലാമത്തെ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ. സെപ്റ്റംബർ 27ന് അവസാനിച്ച ആഴ്ചയിൽ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 12.588 ബില്യൺ ഡോളർ ഉയർന്ന് 704.885 ബില്യൺ ഡോളറിലെത്തി. ഇന്ത്യയുടെ സ്വർണ്ണ

ശേഖരത്തിന്റെ മൂല്യം 2.184 ബില്യൺ ഉയർന്ന് 65.796 ബില്യൺ ഡോളറിലുമെത്തി.

&&&&&&&&&&&&&&&&

## HEADLINE – 5
## WOMENS T-20

വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30 ന് നടക്കുന്ന ആദ്യ മത്സരത്തിൽ ഓസ്ട്രേലിയ - ശ്രീലങ്കയെ നേരിടും. രാത്രി 7.30 ന് ഇംഗ്ലണ്ട് - ബംഗ്ലാദേശുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ - ന്യൂസിലന്റിനോട് 58 റൺസിന് പരാജയപ്പെട്ടിരുന്നു.

&&&&&&&&&&&&&&&&

## ISL

ISL ഫുട്ബോളിലും ഇന്ന് രണ്ട് മത്സരങ്ങൾ. വെകുന്നേരം 5 ന് ജംഷഡ്പൂരിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ജംഷഡ്പൂർ FC - ഈസ്റ്റ് ബംഗാൾ FC യെ നേരിടും. 7.30 ന് കൊൽക്കത്തയിൽ നടക്കുന്ന മത്സരത്തിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ് - മൊഹമ്മദൻ എസ് സിയുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&

## SHANGHAI MASTERS- TENNIS

ഷാങ്ഹായ് മാസ്റ്റേഴ്സ് ടെന്നീസ്, പുരുഷ വിഭാഗം ഡബിൾസിൽ രോഹൻ ബൊപ്പണ്ണ - ഇവാൻ ഡോഡിഗ് എന്നിവരുടെ ഇന്ത്യ - ക്രൊയേഷ്യൻ സഖ്യം രണ്ടാം റൗണ്ടിൽ കടന്നു. ആദ്യ റൌണ്ട് പോരാട്ടത്തിൽ സ്പാനിഷ് സഖ്യത്തെയാണ് ഇരുവരും പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&

# HEADLINE – 4

# UN ANTI-TERRORISM PACT - INTRO

ഭീകരവാദത്തിനെതിരെ അന്താരാഷ്ട്ര ഉടമ്പടി കൊണ്ടുവരണമെന്ന ആവശ്യം ശക്തമാക്കി ഇന്ത്യ. ലോകത്ത് തീവ്രവാദ സംഘടനകളുടെ പ്രവർത്തനം വർദ്ധിച്ചു വരുന്നതിൽ ആശങ്കയുണ്ടെന്ന് ഇന്ത്യയുടെ നിയമ വിഭാഗം ഓഫിസർ ആർ മൈഥിലി, യുഎൻ പൊതുസഭയുടെ നിയമ സമിതിയെ അറിയിച്ചു. ഭീകരപ്രവർത്തനത്തിനായി ഡ്രോൺ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ വ്യാപകമായി ഉപയോഗിക്കുന്നതായും അവർ പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&

# NIA-JEM SEARCHES

ഭീകര സംഘടനയായ ജെയ്ഷെ മുഹമ്മദിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കേസിൽ രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിൽ എൻഐഎ തെരച്ചിൽ നടത്തുന്നു. ജമ്മു കശ്മീർ, ഉത്തർപ്രദേശ്, അസം, ഡൽഹി സംസ്ഥാനങ്ങളിലെ ഇരുപതിലേറെ ഇടങ്ങളിലാണ് തെരച്ചിൽ പുരോഗമിക്കുന്നത്.

&&&&&&&&&&&&&&&&

# MEA-MALDIVES

മാൽദ്വീവ്സ് പ്രസിഡന്റ് മൊഹമ്മദ് മുയിസുവിന്റെ നാല് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് മറ്റന്നാൾ തുടക്കമാകും. മുയിസുവിന്റെ ആദ്യ ഉഭയകക്ഷി

സന്ദർശനമാണ് ഇതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സാവൾ പറഞ്ഞു. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവരുമായി മാൽദ്വീവ്സ് പ്രസിഡന്റ് ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. ബംഗളൂരുവിലെയും മുംബൈയിലേയും വ്യവസായ സമ്മേളനങ്ങളിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&

## WHO-MPOX

മങ്കിപോക്സ് രോഗത്തിനുള്ള ആദ്യ രോഗനിർണയ പരിശോധനയ്ക്ക് അംഗീകാരം നൽകിയതായി ലോകാരോഗ്യ സംഘടന. അതിവേഗത്തിൽ, കൃത്യമായ പരിശോധനയ്ക്കും എംപോക്സ് സ്ഥിരീകരിച്ച രാജ്യങ്ങളിൽ അടിയന്തര സാഹചര്യങ്ങളിലും ഇത് പ്രയോജനം ചെയ്യും. ഇതുവരെ, 16 ആഫ്രിക്കൻ രാജ്യങ്ങളിൽ ഉൾപ്പടെ രോഗം കണ്ടെത്തിയിട്ടുണ്ട്. ആഫ്രിക്കയിൽ എംപോക്സ് ബാധിച്ച് 800-ലധികം പേരാണ് മരിച്ചത്.

&&&&&&&&&&&&&&&&

## SPICE JET DELHI POLICE

ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് കുടിശിക വരുത്തിയതിന് വിമാനക്കമ്പനിയായ സ്പൈസ് ജെറ്റ് മേധാവിക്കെതിരെ ഡൽഹി പോലീസ് കേസെടുത്തു. പൊലീസിന്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗമാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തത്. കമ്പനിയിലെ പതിനായിരത്തോളം വരുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പിടിച്ച പിഎഫ് വിഹിതമായ 65 കോടിയോളം രൂപ കമ്പനി ഇപിഎഫിൽ നിക്ഷേപിക്കാതെ കുടിശിക വരുത്തിയെന്നാണ് കേസ്.

&&&&&&&&&&&&&&&&&

## TELECOM- CYBER

സൈബർ തട്ടിപ്പുകൾ ചെറുക്കുന്നതിന്റെ ഭാഗമായി വ്യാജ ഫോൺകോളുകൾ തടയാൻ കേന്ദ്രീകൃത സംവിധാനവുമായി ടെലികമ്മ്യൂണിക്കേഷൻ വകുപ്പ്. വിദേശത്തുനിന്നു ഉൾപ്പെടെയുള്ള വ്യാജ കോളുകൾ ഉപയോക്താക്കളിലെത്തുന്നതിന് മുമ്പ് തന്നെ തിരിച്ചറിയാനുള്ള സംവിധാനത്തിനാണ് തുടക്കം കുറിക്കുന്നത്. രാജ്യത്തെ ടെലികോം സേവനദാതാക്കളുമായി സഹകരിച്ചാണ് രണ്ട് ഘട്ടങ്ങളായി ഒരുങ്ങുന്ന സംവിധാനം നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&

## DAY PAKISTAN-PROTEST

പാകിസ്ഥാൻ തലസ്ഥാനമായ ഇസ്ലാമാബാദിൻ്റെ സുരക്ഷ, സൈന്യത്തിന് കൈമാറാൻ പാക് ഭരണകൂടം തീരുമാനിച്ചു. മേഖലയിൽ ഉയർന്നുവരുന്ന സംഘർഷങ്ങളും, പ്രതിഷേധ സമരങ്ങളും കണക്കിലെടുത്താണ് നടപടി. ഈ മാസം ഇസ്‌ലാമാബാദിൽ നടക്കാനിരിക്കുന്ന SCO ഉച്ചകോടിക്ക് മുന്നോടിയായി സ്ഥിതിഗതികൾ ശാന്തമാക്കുകയാണ് ലക്ഷ്യം. ഇന്നലെ ഇസ്ലാമാബാദിലും റാവൽപിണ്ടിയിലും പാകിസ്ഥാൻ തെഹ്‌രീക്- ഇ- ഇൻസാഫ് പ്രവർത്തകരും സുരക്ഷാ സേനയും തമ്മിൽ സംഘർഷം ഉണ്ടായിരുന്നു.

&&&&&&&&&&&&&&&&&

## K SURENDRAN

കേരളത്തിൽ, മഞ്ചേശ്വരം തിരഞ്ഞെടുപ്പ് കോഴ കേസിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രനെ

കുറ്റവിമുക്തനാക്കി. കേസിൽ ഉൾപ്പെട്ട ആറു പേരുടെയും വിടുതൽ ഹർജി പരിഗണിച്ച കാസർഗോഡ് ജില്ലാ സെഷൻസ് കോടതിയുടേതാണ് ഉത്തരവ്. കേസ് ആസൂത്രിതമായിരുന്നെന്നും സത്യം വിജയിച്ചതായും ശ്രീ കെ സുരേന്ദ്രൻ മാധ്യമങ്ങളോട് പ്രതികരിച്ചു. മഞ്ചേശ്വരത്തെ ബിഎസ്പി സ്ഥാനാർത്ഥിയായ കെ സുന്ദരയ്ക്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പണം നൽകിയെന്നാണ് കേസ്.

&&&&&&&&&&&&&&&&

## K RAJAN - ADGP

എഡിജിപി അജിത്കുമാറിനെ മാറ്റുന്ന വിഷയത്തിൽ സിപിഐക്ക് ഒരേ നിലപാടാണെന്ന് മന്ത്രി കെ രാജൻ. പാർട്ടിക്കുള്ളിൽ സ്വീകരിക്കുന്ന പൊതുവായ അഭിപ്രായം പാർട്ടി സെക്രട്ടറി അറിയിക്കുമെന്നും ശ്രീ കെ രാജൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&